വരുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. 1214 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മിക്കവാറും എല്ലാ സ്ഥാപനങ്ങളിലും പരിശോധന പൂർത്തിയായിട്ടുണ്ട്. ഇവയുടെ തരംതിരിച്ചുള്ള വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(ഡി) ഉണ്ട്.

(ഇ)&(എഫ്) 1214 തദ്ദേശഭരണ സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്യുന്നതിനു വേണ്ടി ഒരു സ്വതന്ത്ര ആഡിറ്റ് കമ്മിഷനെ നിയമിക്കണമെന്ന് അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിന്മേൽ അന്തിമ റിപ്പോർട്ട് കമ്മിറ്റി സമർപ്പിച്ചിട്ടില്ല. കമ്മിറ്റിയുടെ അന്തിമറിപ്പോർട്ട് ലഭിച്ചശേഷം മേൽനടപടി കൈക്കൊള്ളുന്നതാണ്.

പഞ്ചായത്തുകളുടെ പെർഫോർമൻസ് ഓഡിറ്റ്

97 (2895) ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി നിലവിൽവന്നശേഷം ഇതിനകം സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളുടെ പെർഫോർമൻസ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) ഈ ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ടുകളിൽമേലുള്ള പരിശോധനയ്ക്കുവേണ്ടി തദ്ദേശ സ്വയംഭരണവകുപ്പ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മിക്കവാറും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഓരോവട്ടം പെർഫോർമൻസ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്.

(ബി) ഓഡിറ്റ് റിപ്പോർട്ടുകളുടെ പരിശോധനയ്ക്കുവേണ്ടി തദ്ദേശഭരണ വകുപ്പിൽ പുതിയതായി ഒരു സെക്ഷൻ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളിലെ പോരായ്മകൾ

98 (2896) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളിലെ എന്തെല്ലാം പോരായ്മകളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(ബി) ഈ പോരായ്മകൾ പരിഹരിക്കുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതിരേഖകൾ തയ്യാറാക്കുന്ന കാര്യത്തിലും അവ നടപ്പിലാക്കുന്ന കാര്യത്തിലും പല പഞ്ചായത്തുകളിലും പോരായ്മകൾ ഉള്ളതായി സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾക്ക് കൂടുതൽ സ്പഷ്ടീകരണം നൽകുകയും ആവശ്യമായ കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും വികസന സെമിനാറുകളിൽ ഉയർന്നുവരുന്ന സംശയങ്ങളും മറ്റും പരിഹരിച്ചുകൊടുക്കുകയും പദ്ധതിരേഖകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിനും മറ്റും വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. സമയപരിധി ഉണ്ടാകാതിരിക്കുവാനായി പദ്ധതിരേഖകൾക്ക് അംഗീകാരം നേടിയ പഞ്ചായത്തുകൾക്ക് പദ്ധതിവിഹിതത്തിന്റെ ഒന്നാം ഗഡു അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത്‌രാജ് ആക്ടിനോടനുബന്ധിച്ചുള്ള ചട്ടങ്ങൾ

99 (2897) ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്‌രാജ് ആക്ടിനോടനുബന്ധിച്ചുള്ള എത്ര ചട്ടങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചു;

(ബി) ഇനി എത്രയെണ്ണം പ്രസിദ്ധീകരിക്കാനുണ്ട്;

(സി) പഞ്ചായത്ത് ഡയറക്ടർ ഏതൊക്കെ കരട് ചട്ടങ്ങൾ സമർപ്പിച്ചിട്ടുണ്ട്;

(ഡി) ഇനി ഏതെല്ലാം കരട് ചട്ടങ്ങൾ സമർപ്പിക്കാനുണ്ട്;

(ഇ) അക്കൗണ്ട് ചട്ടങ്ങളും ബഡ്ജറ്റ് ചട്ടങ്ങളും എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കും;

(എഫ്) ചട്ടങ്ങൾ പുറപ്പെടുവിക്കുവാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

ഉത്തരം

(എ) 47 എണ്ണം.

(ബി) ആക്ടിലെ ഏത് വ്യവസ്ഥ നടപ്പാക്കാനും ചട്ടങ്ങൾ പുറപ്പെടുവിക്കാമെന്നതിനാൽ ഇനി എത്ര ചട്ടങ്ങൾ പ്രസിദ്ധീകരിക്കേണ്ടിവരുമെന്ന് ഇപ്പോൾ കൃത്യമായി പറയാൻ കഴിയില്ല.

(സി) പഞ്ചായത്ത് ഡയറക്ടർ 45 കരട് ചട്ടങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) (സി) ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

---

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly